ഭരണഭാഷ — മാതൃഭാഷ

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലെ ജീവനക്കാർക്ക് സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ ശമ്പളം ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് പദ്ധതിയുടെ (OBBP) അക്കൗണ്ടിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ. ബി.) വകുപ്പ്

സ.ഉ. (സാധാ) നം. 2605/2019/തസ്വഭവ. തിരുവനന്തപുരം, തീയതി, 19.11.2019.

പരാമർശം:- 1. കൊല്ലം ദ്രാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറുടെ 04.11.2019-ലെ നം.സി/666/2019/പി.എ.യു. നമ്പർ കത്ത്.

2. ഗ്രാമവികസന കമ്മീഷണറുടെ 05.11.2019-ലെ നം. 15798/ഡി.പി1/2019 സി.ആർ.ഡി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലെ ജീവനക്കാർക്ക് സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ ശമ്പളം നൽകുന്നതിന് മതിയായ തുക ഡി.ആർ.ഡി.എ ഭരണ നിർവ്വഹണ അക്കൗണ്ടിൽ ലഭ്യമല്ലാത്തതിനാൽ, പൂർത്തീകരണത്തെ തുടർന്ന് അവസാനിപ്പിച്ച ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് പദ്ധതിയുടെ അക്കൗണ്ടിൽ നിന്നും 16,00,000/- രൂപ (പതിനാറു ലക്ഷം രൂപ മാത്രം) ഡി.ആർ.ഡി.എ.യ്ക്ക് അനുവദിക്കണമെന്ന് പരാമർശം (1), (2) എന്നിവ പ്രകാരം കൊല്ലം ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറും ഗ്രാമ വികസന കമ്മീഷണറും അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഡി.ആർ.ഡി.എ അഡ്മിനിസ്ട്രേറ്റീവ് കോസ്റ്റിൽ തുക ലഭിക്കുമ്പോൾ റീഫണ്ട് ചെയ്യണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി, കൊല്ലം ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലെ ജീവനക്കാർക്ക് സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ ശമ്പളം നൽകുന്നതിന് മാത്രം ഓപ്പറേഷൻ ബ്ലാക്ക് ബോർഡ്

.................. (2)

പദ്ധതിയുടെ (OBBP) അക്കൗണ്ടിൽ നിന്നും 16,00,000/- രൂപ (പതിനാറു ലക്ഷം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**നന്ദന ആർ പി**
**അണ്ടർ സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം, കൊല്ലം.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.